പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 442** **6.3.2012-ൽ മറുപടിക്ക്**

**പഞ്ചായത്തുകളിലെ മാലിന്യസംസ്കരണ പ്ലാന്റുകൾ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| **എ) സംസ്ഥാനത്ത് ഏതൊക്കെ പഞ്ചായത്തുകളിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ നിലവിലുണ്ട് എന്ന് വെളിപ്പെടുത്തുമോ ;** | എ) സംസ്ഥാനത്ത് അജാനൂർ, മംഗൽപ്പാടി, നാദാപുരം, കരുളായി, പട്ടാമ്പി, കട്ടപ്പന, മൂന്നാർ, പോത്തൻകോട് എന്നീ ഗ്രാമ പഞ്ചായത്തുകളിലാണ് മാലിന്യ സംസ്കരണ പ്ളാന്റുകൾ നിലവിലുളളത്. ഗ്രാമ പഞ്ചായത്തുകളിൽ കേന്ദ്രീകൃതവും വികേന്ദ്രീകൃതവുമായ ഖരമാലിന്യ പരിപാലന സംവിധാനമൊരുക്കുന്നതിന്റെ ഭാഗമായി ചന്തകൾ ആശുപത്രികൾ, സ്കൂളുകൾ തുടങ്ങിയ സ്ഥലങ്ങളിലാണ് ഖരമാലിന്യ സംസ്കരണ പ്ളാന്റുകൾ സ്ഥാപിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി 200 ഓളം ഗ്രാമ പഞ്ചായത്തുകളിൽ ബയോഗ്യാസ് പ്ളാന്റുകൾ ഉൾപ്പെടെയുളള മാലിന്യ സംസ്കരണ പ്ളാന്റുകൾ സ്ഥാപിക്കാൻ വേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| **ബി) പഞ്ചായത്തുകളിൽ മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?** | ബി) പഞ്ചായത്തുകളിൽ മാലിന്യ സംസ്കരണ പ്ളാന്റുകളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തുകളിൽ ഖരമാലിന്യ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുളള സാങ്കേതിക സഹായവും പ്രോജക്ടുകൾ പരിശോധന നടത്തി സാങ്കേതിക അനുമതിയും ഭാഗിക സാമ്പത്തിക സഹായവും ശുചിത്വ മിഷനിൽ നിന്ന് നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ